പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3836 — 24.06.2014 ലെ മറുപടിയ്ക്ക്

ചൂതാട്ട ലോട്ടറി തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. ടി. എം. തോമസ് ഐസക് :<br>ശ്രീ. സാജു പോൾ :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ലോട്ടറി ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചതോടെ ചൂതാട്ട ലോട്ടറി വീണ്ടും വ്യാപകമായി രിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ലോട്ടറി ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചത് ചൂതാട്ട ലോട്ടറിയ്ക്ക് കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ചൂതാട്ട ലോട്ടറി തടയാൻ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; | (ബി) കൈക്കൊണ്ടിട്ടുണ്ട്. ഒറ്റ നമ്പർ ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ എന്നിവയുടെ അനധികൃത വില്പന തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ ADGP (Intelligence) തലവനായും, ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് സംസ്ഥാനത്താകെ നിയമവിരുദ്ധ ഭാഗ്യക്കുറി വില്പനയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സൂക്ഷ്മമായി പരിശോധിച്ച് തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) | ലോട്ടറി മാഫിയ വീണ്ടും സംസ്ഥാനത്ത് തല പൊക്കിയതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ടിക്കറ്റിന്റെ വർദ്ധിപ്പിച്ച വില പിൻവലിക്കുന്നതിനും സമ്മാനങ്ങൾ പുന:സ്ഥാപിക്കു ന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് ലോട്ടറി മാഫിയ പ്രവർ ത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>തിരുവോണം ബമ്പർ ഒഴികെ യുള്ള ബമ്പർ ലോട്ടറികളുടെ വില 100 രൂപയായി കുറയ്ക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ടിക്കറ്റ് വില വർദ്ധിപ്പിച്ചപ്പോൾ ഒന്നാം സമ്മാനത്തുകയിൽ വർദ്ധന വരുത്തി യിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയുടെ സമ്മാനം പുനഃസ്ഥാപിക്കു കയും ചെയ്തിട്ടുണ്ട്.<br><br>വിപണിയിലെ മാറ്റങ്ങൾക്കനു സരിച്ച് സമ്മാന ഘടനയിൽ ഉചിതമായ മാറ്റങ്ങൾ കാലാകാല ങ്ങളിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.